# കേരള സർക്കാർ
# ഇൻഫർമേഷൻ ആന്‍ഡ് പബ്ലിക് റിലേഷൻസ് വകുപ്പ്
**ജില്ലാ ഇൻഫർമേഷൻ ഓഫീസ്, തൃശൂർ. തീയതി : 2019 ആഗസ്റ്റ് 01 വ്യാഴം**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

**Web: www.prd.kerala.gov.in.E-mail.diothrissur@gmail.com.**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>


## ജില്ലയിൽ 156 കേന്ദ്രങ്ങളിൽ സൗജന്യ വൈ-ഫൈ

സർക്കാരിന്റെ സൗജന്യ വൈ-ഫൈ സംവിധാനം ജില്ലയിൽ നടപ്പാക്കി. തൃശ്ശൂരിൽ 156 ലൊക്കേഷനുകളിലാണ് ആദ്യഘട്ടമായി കെ-ഫൈ പദ്ധതിയുടെ ഭാഗമായുള്ള സൗജന്യ വൈ-ഫൈ സംവിധാനം ലഭ്യമാകുന്നത്. 10 എംബിപിഎസ് വരെ വേഗതയുള്ള ഇന്റർനെറ്റ് സേവനമാണ് സൗജന്യമായി പൊതുജനങ്ങൾക്ക് ലഭിക്കുന്നത്. വൈ-ഫൈ പരിധിയിൽ നിന്ന് നിർദിഷ്ട യൂസർ ഐഡിയും പാസ്‌വേഡും ഉപയോഗിച്ച് സൗജന്യ വൈ-ഫൈ സംവിധാനം ആർക്കും ഉപയോഗപ്പെടുത്താം. ഇതിനായി ജില്ലയുടെ വിവിധ ഭാഗങ്ങളിലായി 156 വൈ-ഫൈ ഹോട്ട് സ്പോട്ടുകൾ സ്ഥാപിച്ചിട്ടുണ്ട്. പൊതു സ്ഥലങ്ങളിൽ വൈ-ഫൈ ഹോട്ട് സ്പോട്ടുകൾ സ്ഥാപിക്കുന്നതിനുള്ള സർക്കാർ തീരുമാനത്തിന്റെ ഭാഗമായാണ് പദ്ധതി നടപ്പാക്കുന്നത്.

അയ്യന്തോൾ സിവിൽ സ്റ്റേഷൻ, തൃശ്ശൂർ കോർപ്പറേഷൻ, അയ്യന്തോൾ സോണൽ ഓഫീസ്, വിവിധ പഞ്ചായത്ത് ഓഫീസുകൾ, വിനോദ സഞ്ചാര കേന്ദ്രങ്ങൾ, ബസ് സ്റ്റാന്റുകൾ, തീർത്ഥാടന കേന്ദ്രങ്ങൾ എന്നിവയ്ക്ക് പ്രാഥമിക പരിഗണന നൽകിയാണ് ഹോട്ട് സ്പോട്ടുകൾ സ്ഥാപിച്ചിരിക്കുന്നത്. വിദ്യാഭ്യാസ വികസനം, വിവരവിനിമയം, സഞ്ചാരികൾക്ക് വിവരങ്ങൾ ലഭ്യമാക്കുക എന്നിവ പദ്ധതിയിലൂടെ ലക്ഷ്യമാക്കുന്നു. സംസ്ഥാന ഐ.ടി. മിഷനാണ് പദ്ധതി നടപ്പാക്കുന്നത്. ഇതിനായി ഇലക്ട്രോണിക് ആന്‍ഡ് വിവര സാങ്കേതിക വകുപ്പ് 2500 ഹോട്ട് സ്പോട്ടുകളാണ് സംസ്ഥാനത്ത് സ്ഥാപിക്കുന്നത്. സർക്കാർ 25 കോടി രൂപയുടെ ഭരണാനുമതിയായിട്ടുണ്ട്.

## സുരക്ഷിത റോഡ്‌യാത്ര:
## ആഗസ്റ്റ് 5 മുതൽ വാഹനപരിശോധന

പരിപൂർണ്ണമായ സുരക്ഷിത റോഡ് യാത്രയാണ് പുതിയ നിയമ പരിഷ്കാരങ്ങളുടെ ലക്ഷ്യമെന്ന് റോഡ് സുരക്ഷാ ആക്ഷൻ പ്ലാനുമായി ബന്ധപ്പെട്ട പ്രഥമ യോഗം വ്യക്തമാക്കി. ഇതിന്റെ ഭാഗമായി പൊതുവായ പിഴകൾ ഉൾപ്പെടെ ഹെൽമെറ്റ് ധരിക്കാതിരിക്കൽ, ലൈസൻസ്, സീറ്റ് ബെൽറ്റ്, അമിത വേഗത, മദ്യപിച്ച് വാഹനമോടിക്കുക, ടിക്കറ്റ് എടുക്കാതെ യാത്ര ചെയ്യുന്നവർ, വാഹന പെർമിറ്റ് ഇല്ലാതിരിക്കൽ, ഇൻഷുറൻസ് ഇല്ലാതെ വാഹനം ഓടിക്കുന്നവർ എന്നിങ്ങനെ റോഡ് നിയമങ്ങൾ പാലിക്കാതിരിക്കുന്നവരിൽ നിന്നും അധികമായി പിഴ ഈടാക്കുന്നതിനും മൂന്ന് മാസത്തോളം വരെ ലൈസൻസ് അയോഗ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. ജില്ലയിൽ പോലീസ് സേനയുടെ 41 സ്ക്വാഡുകൾ ഉൾപ്പെടെ മോട്ടോർ വെഹിക്കിൾ വകുപ്പിന്റെ 12 ഇനം സ്ക്വാഡുകൾ ആണ് ഇതിനായി നിയമിച്ചിരിക്കുന്നത്.

ഗതാഗത വകുപ്പ് മന്ത്രിയുമായി നടത്തിയ ചർച്ച പ്രകാരം ആഗസ്റ്റ് 5 മുതൽ 31 വരെ വാഹന പരിശോധന നടത്താനാണ് തീരുമാനം. ആഗസ്റ്റ് 5 മുതൽ 7വരെ (സീറ്റ് ബൽറ്റ്, ഹെൽമെറ്റ്), ആഗസ്റ്റ് 8 മുതൽ 10 വരെ (അനധികൃത പാർക്കിംഗ്, ആഗസ്റ്റ് 11 മുതൽ 13 വരെ (അമിത വേഗത), ആഗസ്റ്റ് 14 മുതൽ 16 വരെ (മദ്യപിച്ച് വാഹനമോടിക്കുന്നവരെ), ആഗസ്റ്റ് 17 മുതൽ 19 വരെ (വാഹനം ഓടിച്ചു കൊണ്ട് ഫോൺ ഓടിക്കുന്നവരെ), ആഗസ്റ്റ് 20 മുതൽ 23 വരെ (സിഗ്നൽ നിയമങ്ങൾ ലംഘിക്കുന്നവരെ), ആഗസ്റ്റ് 24 മുതൽ 27 വരെ സ്പീഡ് ഗവർണർ / ഓവർ

ലോഡ്, ആഗസ്റ്റ് 28 മുതൽ 31 വരെ (മോഡിഫിക്കേഷൻ) എന്നിങ്ങനെയാണ് പരിശോധന നടത്തുക.

സോഫ്റ്റി ആക്ഷൻ പ്ലാനിന്റെ ചുമതലാ നിർവാഹണത്തിനായി സംസ്ഥാന തലത്തിൽ ഐ.ജി ട്രാഫിക്ക് നോഡൽ ഓഫീസർ ആയും, ജോയിന്റ് ട്രാൻസ്പോർട്ട് കമ്മിഷണർ (മോട്ടോർ വാഹന വകുപ്പ്), ചീഫ് എഞ്ചിനിയർ (റോഡ്സ് ആൻഡ് ബിൽഡേഴ്സ്) പിഡബ്ല്യുഡി, ചീഫ് എഞ്ചിനിയർ (എൻഎച്ച്), പിഡബ്ല്യുഡി, ആരോഗ്യം, വിദ്യഭ്യാസം മേധാവികൾ എന്നിവർ അംഗങ്ങളായുള്ള കമ്മിറ്റിയും ജില്ലാ തലത്തിൽ ജില്ലാ കളക്ടർ ചെയർമാനും,ജില്ലാ പോലീസ് സൂപ്രണ്ട് നോഡൽ ഓഫീസറായും റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ, പി.ഡബ്ല്യു.ഡി എക ്സിക്യൂട്ടീവ് എഞ്ചിനീയർ (റോഡ്സ് & ബിൽഡേഴ്സ്, എൻ.എച്ച്) തുടങ്ങിയവർ അംഗങ്ങളായുള്ള കമ്മിറ്റിയുമാണ് രൂപീകരിച്ചിരിക്കുന്നത്.

എഡിഎം റെജി പി ജോസഫ് അദ്ധ്യക്ഷനായ യോഗത്തിൽ പോലീസ് മോട്ടോർ വാഹന വകുപ്പ്, പൊതുമരാമത്ത് വകുപ്പ് നിരത്ത് വിഭാഗം, പൊതുമരാമത്ത് വകുപ്പ് ദേശീയപാതാ വിഭാഗം മേധാവികളും പങ്കെടുത്തു.

# സ്പ്ലാഷ് ജില്ലാതല ഉദ്ഘാടനം ഇന്ന് (ആഗസ്റ്റ് 2) കരൂപ്പടന്നയിൽ

സംസ്ഥാന സർക്കാരിന്റെ നീന്തൽ പരിശീലന പദ്ധതിയായ സ്പ്ലാഷിന്റെ ജില്ലാതല ഉദ്ഘാടനം ഇന്ന് (ആഗസ്റ്റ് 2) കരൂപ്പടന്ന ഗവ: ഹയർസെക്കൻഡറി സ്കൂളിൽ നടക്കും. ഉച്ചയ്ക്ക് 3 മണിയ്ക്ക് അഡ്വ. വി. ആർ സുനിൽകുമാർ എംഎൽഎ പദ്ധതി ഉദ്ഘാടനം ചെയ്യും. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മേരി തോമസ് അധ്യക്ഷത വഹിക്കും. കായിക യുവജന കാര്യാലയം അഡീഷണൽ ഡയറക്ടർ ബി.അജിത്കുമാർ പദ്ധതി വിശദീകരിക്കും. വെള്ളാങ്ങല്ലൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ എസ് രാധാകൃഷ്ണൻ, വെള്ളാങ്ങല്ലൂർ പഞ്ചായത്ത് പ്രസിഡന്റ് പ്രസന്ന അനിൽകുമാർ എന്നിവർ മുഖ്യാതിഥികളാകും. ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് എൻ കെ ഉദയപ്രകാശ്, വെള്ളാങ്ങല്ലൂർ പഞ്ചായത്ത് വൈസ് പ്രസിഡന്റ്ഉണ്ണിക്കൃഷ്ണൻ കുറ്റിപ്പറമ്പിൽ, സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻമാരായ എം കെ മോഹനൻ, നിഷ ഷാജി, സീമന്തിനി സുന്ദരൻ, പഞ്ചായത്ത്-ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങൾ എന്നിവർ പങ്കെടുക്കും. സംസ്ഥാന സർക്കാർ യുവജന കാര്യാലയം വഴി തെരഞ്ഞെടുക്കപ്പെട്ട ഏജൻസികളിലൂടെ നടപ്പാക്കുന്ന നീന്തൽ പരിശീലനപദ്ധതിയാണ് സ്പ്ലാഷ്. അപ്രതീക്ഷിത ജല അപകടങ്ങൾ അതിജീവിക്കാൻ ആവശ്യമായ കഴിവുകൾ സ്കൂൾ കുട്ടികളിൽ വികസിപ്പിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ആദ്യഘട്ടത്തിൽ തൃശൂർ, ഇടുക്കി, പാലക്കാട്, വയനാട്, കാസർകോട് എന്നീ ജില്ലകളിലാണ് പദ്ധതി നടപ്പാക്കുന്നത്.

# യോഗം ഇന്ന് (ആഗസ്റ്റ് 2)

ജില്ലാതല യുവജനകാര്യപരിപാടികളുടെ ഉപദേശകസമിതി യോഗം ഇന്ന് (ആഗസ്റ്റ് 2) ഉച്ച രണ്ടിന് എൽഎ ഡെപ്യൂട്ടി കളക്ടറുടെ ചേമ്പറിൽ ചേരും.

# 'താങ്ങ് പലിശ' പദ്ധതി: അപേക്ഷ ക്ഷണിച്ചു

മൃഗസംരക്ഷണ പ്രവർത്തനങ്ങളിലേർപ്പെട്ടവരും മൃഗപരിപാലനവുമായി ബന്ധപ്പെട്ട് ബാങ്കു കളിൽ നിന്നും വായ്പയെടുത്ത് ഈ കാലയളവിൽ വായ്പ തിരിച്ചടവ് മുടക്കം വരുത്താത്ത വരു മായ കർഷകർക്ക് പലിശയിനത്തിൽ ഒരു കൈ താങ്ങ് നൽകുക ലക്ഷ്യത്തോടെ 'താങ്ങ് പലിശ' പദ്ധതിക്ക് അപേക്ഷ ക്ഷണിച്ചു. ദേശസാൽകൃത ബാങ്ക്/സഹകരണ ബാങ്ക് എന്നിവിടങ്ങളിൽ നിന്നും എടുത്ത വായ്പകൾക്കാണ് പലിശയിളവ്. അയ്യായിരം രൂപയാണ് പരമാവധി ധനസഹായം. താൽപര്യമുള്ള കാർഷകർക്ക് ബാങ്ക് അക്കൗണ്ട് വിവരങ്ങൾ, വായ്പ അക്കൗണ്ട് സ്റ്റേറ്റ്മെന്റ്

എന്നിവ സഹിതം തൊട്ടടുത്തുള്ള മൃഗാശുപത്രിയിൽ ആഗസ്റ്റ് ഒൻപതിനകം നൽകണമെന്ന് ജില്ലാ മൃഗസംരക്ഷണ ഓഫീസർ അറിയിച്ചു. ഫോൺ: 0487-2361216.

## ആടുവളർത്തൽ പരിശീലനം

മൃഗസംരക്ഷണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ചാലക്കുടി പ്രാദേശിക മൃഗസംരക്ഷണ കേന്ദ്രത്തിൽ നാല് ദിവസത്തെ വ്യാവസായിക ആടുവളർത്തൽ പരിശീലനം നടത്തുന്നു. പങ്കെടുക്കാൻ താൽപര്യമുള്ളവർ അതാതു പഞ്ചായത്തു മൃഗാശുപത്രികളിലോ 9446467675, 9446342676 എന്ന നമ്പറുകളിലോ രജിസ്റ്റർ ചെയ്യണം.

## കമ്പ്യൂട്ടർ കോഴ്സ്

ഗുരുവായൂർ എൽബിഎസ് സബ് സെന്ററിൽ ആഗസ്റ്റ് എഴിന് ആരംഭിക്കുന്ന ഒരു വർഷത്തെ ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷനിലേക്ക് അപേക്ഷ ക്ഷണിച്ചു. ഫോൺ: 0487-2552387, 98477181678.

## റാങ്ക് ലിസ്റ്റ് റദ്ദായി

തൃശൂർ ജില്ലയിൽ ഗ്രാമവികസന വകുപ്പിലെ മെക്കാനിക് (ഇലക്ട്രിക്കൽ) തസ്തികയുടെ കാറ്റഗറി നമ്പർ 208/2009 തെരഞ്ഞെടുപ്പിനു വേണ്ടി 2012 ഒക്ടോബർ 17 ന് നിലവിൽ വന്ന റാങ്കപട്ടിക കാലാവധി പൂർത്തിയായതിനെ തുടർന്ന് 2016 ഡിസംബർ 31 അർദ്ധരാത്രി മുതൽ റദ്ദായതായി ജില്ലാ ഓഫീസർ അറിയിച്ചു.

## മെറിറ്റ് ഡേ മികവ് 2019 സംഘടിപ്പിച്ചു

ഇരിഞ്ഞാലക്കുട ഗവണ്മെന്റ് മോഡൽ ഗേൾസ് ഹയർ സെക്കന്ററി വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ അധ്യാപിക രക്ഷാകർത്തൃസമിതിയുട ആഭിമുഖ്യത്തിൽ മെറിറ്റ് ഡേ മികവ് 2019 സംഘടിപ്പിച്ചു. പ്രൊഫ. കെ യു അരുണൻ എംഎൽഎ ഉദ്ഘാടനം നിർവഹിച്ചു. പിടിഎ പ്രസിഡന്റ് ജോയ് കോനങ്ങാടൻ അധ്യക്ഷത വഹിച്ചു. 2018 അധ്യയന വർഷത്തിൽ ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി വിഭാഗത്തിൽ മികവ് തെളിയിച്ച വിദ്യാർത്ഥിനികളെ എംഎൽഎ അനുമോദിച്ചു. വാർഡ് കൗൺസിലർ സോണിയ ഗിരി, സ്കൂൾ വൈസ് പ്രിൻസിപ്പൽ ടി വി രമണി, സ്റ്റാഫ് സെക്രട്ടറി സി എസ് അബ്ദുൾ ഹക്ക്, ഹയർ സെക്കന്ററി വിഭാഗം സ്റ്റാഫ് സെക്രട്ടറി എസ് എസ് ജയകുമാർ തുടങ്ങിയവർ ആശംസ നേർന്നു. സ്കൂൾ പ്രിൻസിപ്പൽ എം പ്യാരിജ സ്വാഗതവും വി എച്ച് എസ് സി വിഭാഗം പ്രിൻസിപ്പൽ ഇൻ ചാർജ് കെ ആർ ഹേമ നന്ദിയും പറഞ്ഞു.

## ഡിഫ്ത്തീരിയ: ജാഗ്രത പുലർത്തണം-ഡിഎംഒ

തൃശൂർ ജില്ലയിലും സമീപ ജില്ലകളിലും ഡിഫ്ത്തീരിയ കേസുകൾ (തൊണ്ട മുള്ള് ) റിപ്പോർട്ട് ചെയ്തതിനാൽ പൊതു ജനങ്ങൾ ജാഗ്രത പുലർത്തണമെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചു.

വായുവിലൂടെ പകരുന്ന ബാക്ടീരിയ മൂലമുണ്ടാകുന്ന ഈ രോഗം മറ്റുള്ളവരിലേക്ക് പകരുവാനുള്ള സാധ്യത കൂടുതലാണ്. രോഗാണു ശരീരത്തിൽ പ്രവേശിച്ച് രണ്ട് മുതൽ അഞ്ച് ദിവസത്തിനുള്ളിൽ ലക്ഷണങ്ങൾ കാണിച്ചു തുടങ്ങും. പ്രാരംഭദശയിൽ പനിയും തൊണ്ടവേദനയും നിസ്സാരമായി തോന്നാമെങ്കിലും പനി, തൊണ്ടവേദന, ശ്വാസതടസ്സം, ക്ഷീണം എന്നീ ലക്ഷണങ്ങൾ ഉള്ളവർ ഡോക്ടറുടെ സേവനം തേടണം. ചുമയ്ക്കുമ്പോഴും തുമ്മുമ്പോഴും തൂവാല ഉപയോഗിക്കുവാൻ ശ്രദ്ധിക്കുക. രോഗിയുമായുള്ള സമ്പർക്കം ഒഴിവാക്കുന്നതിനും രോഗി ഉപയോഗിക്കുന്ന വസ്തുക്കൾ ഉപയോഗിക്കാതിരിക്കുന്നതിനും ശ്രദ്ധിക്കണം. കുട്ടികളിൽ ഈ രോഗം സംശയിക്കുകയാണെങ്കിൽ സ്കൂളിൽ പോകുന്നത് ഒഴിവാക്കി ഉടനടി വിദഗ്ദ്ധ ചികിത്സ തേടണം. എല്ലാ ഗർഭിണികൾക്കും 16 വയസ്സുവരെയുള്ള കുട്ടികൾക്കും കേന്ദ്ര സർക്കാർ നിദ്ദേശിച്ച പ്രതിരോധ ചികിത്സ (വാക്സിനേഷൻ) നൽകണം. അതിനു വേണ്ട എല്ലാ വാക്സിനുകളും എല്ലാ സർക്കാർ ആശുപത്രികളിലും സൗജന്യമായി ലഭ്യമാണ്. വാക്സിനേഷൻ

തുടങ്ങിയ ശേഷം മുടങ്ങിയിട്ടുള്ളവർ ആരോഗ്യ സ്ഥാപനത്തിലെത്തി വാക്സിനേഷൻ പുനരാരംഭിക്കണം.

## വിരമിച്ചു

കേരള സംഗീത നാടക അക്കാദമിയിൽ നിന്നും ജൂനിയർ സൂപ്രണ്ടായി ഇ എസ് ജാക്വിലിൻ വിരമിച്ചു.

## സഹചാരി പദ്ധതി: അപേക്ഷ ക്ഷണിച്ചു

ഭിന്നശേഷിക്കാരായ കുട്ടികളെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പിന്തുണയ്ക്കുന്ന എൻഎസ് എസ്/എൻസിസി/എസ്പിസി യൂണിറ്റിനെ പ്രോത്സാഹിക്കുന്ന സഹചാരി പദ്ധതിയിലേക്ക് അപേക്ഷ ക്ഷണിച്ചു. താൽപര്യമുള്ള ഗവൺമെന്റ്, എയ്ഡഡ്, പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെയുള്ളവർ വിദ്യാഭ്യാസസ്ഥാപന മേധാവി മുഖാന്തിരം ചെമ്പൂക്കാവ് ജില്ലാ സാമൂഹ്യനീതി ഓഫീസിൽ ആഗസ്റ്റ് 15 നകം അപേക്ഷ നൽകണം. ഫോൺ: 0487-2321702.

## താലൂക്ക് വികസന സമിതി

തൃശൂർ താലൂക്ക് വികസന സമിതി യോഗം ആഗസ്റ്റ് മൂന്ന് രാവിലെ 11 താലൂക്ക് കോൺഫറൻസ് ഹാളിൽ ചേരും.

## മേത്തല മിനി സിവിൽ സ്റ്റേഷൻ യാഥാർത്ഥ്യമാകുന്നു: ആഗസ്റ്റ് 8 ന് തറക്കല്ലിടും

ഏറെ നാളത്തെ കാത്തിരിപ്പിന് ശേഷം മേത്തലയിൽ മിനി സിവിൽസ്റ്റേഷൻ വരുന്നു. മേത്തല കീത്തോളി തിരുവഞ്ചിക്കുളം ക്ഷേത്രത്തിന് സമീപത്താണ് മിനി സിവിൽ സ്റ്റേഷൻ യഥാർത്ഥമാക്കുന്നത്. ആഗസ്റ്റ് എട്ടിന് രാവിലെ 11 മണിക്ക് സംസ്ഥാന പൊതുമരാമത്ത് വകുപ്പ് മന്ത്രി ജി.സുധാകരൻ തറക്കല്ലിടും. റവന്യൂവകുപ്പിന്റെ 20 സെന്റ് സ്ഥലത്ത് 2.67 കോടി രൂപ ചെലവഴിച്ചാണ് കെട്ടിടം നിർമ്മിക്കുന്നത്. 11,500 ചതുരശ്ര അടിയിൽ രണ്ട് നിലകളിലായാണ് കെട്ടിടം രൂപപ്പെടുത്തുന്നത്. മിനി സിവിൽസ്റ്റേഷൻ വരുന്നതോടെ പ്രദേശത്തെ നാല് സർക്കാർ ഓഫീസുകളാണ് ഒരു കുടക്കീഴിലെത്തുക. വില്ലേജ് ഓഫീസ്, എ. ഇ ഓഫീസ്, കൃഷിഭവൻ, എൽ.ഇ ഓഫീസ് എന്നീ ഓഫീസുകളാണ് പണി പൂർത്തിയാകുമ്പോൾ സിവിൽസ്റ്റേഷനിലേക്ക് പ്രവർത്തനം മാറ്റുക. സംസ്ഥാന പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ നിർമ്മിക്കുന്ന സ്റ്റേഷൻ 18 മാസം കൊണ്ട് നിർമാണം പൂർത്തിയാക്കുമെന്ന് പിഡബ്ല്യുഡി അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ അജിത്കുമാർ പറഞ്ഞു.

അഡ്വ. വി. ആർ സുനിൽകുമാർ എംഎൽഎയുടെ അധ്യക്ഷതയിൽ കൊടുങ്ങല്ലൂർ ഗസ്റ്റ്ഹൗസിൽ സംഘടിപ്പിച്ച ആലോചനായോഗത്തിൽ കൊടുങ്ങല്ലൂർ നഗരസഭ ചെയർമാൻ കെ. ആർ. ജൈത്രൻ, വൈസ് ചെയർപേഴ്സൺ ഹണി പീതാംബരൻ, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാന്മാർ, കൗൺസിലർമാർ, വിവിധ രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ എന്നിവർ പങ്കെടുത്തു. എംഎൽഎ ചെയർമാനായി നഗരസഭ ചെയർമാൻ, തഹസിൽദാർ, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാന്മാർ, കൗൺസിലർമാർ, രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ എന്നിവരടങ്ങുന്ന 101 അംഗ സംഘാടകസമിതിയെയും യോഗത്തിൽ തെരഞ്ഞെടുത്തു.

## മെഡിക്കൽ എൻട്രൻസ് പരിശീലനം

ഫിഷറീസ് വകുപ്പ് മുഖേന മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് റസിഡൻഷ്യൽ മെഡിക്കൽ എൻട്രൻസ് പരിശീലനം നൽകുന്നു. അപേക്ഷാഫോറവും വിശദവിവരങ്ങളും തൃശൂർ പള്ളികുളത്ത് പ്രവർത്തിക്കുന്ന ജില്ലാ ഫിഷറീസ് ഓഫീസിൽ ലഭിക്കും. പൂരിപ്പിച്ച അപേക്ഷ ആഗസ്റ്റ് ഏഴിനകം ജില്ലാ ഫിഷറീസ് ഓഫീസിൽ നൽകണം. ഫോൺ: 0487-2441132.